**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1629** **19-06-2024 - ൽ മറുപടിയ്ക്ക്**

**പുരാവസ്തു കേന്ദ്രമേഖലകളിൽ താമസിക്കുന്നവരുടെ ഭവനനിർമ്മാണത്തിന് പ്രത്യേക അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ വേലൂർ അർണോസ് പാതിരി സ്മാരകത്തിൽ പുരാവസ്തു വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | കുന്നംകുളം മണ്ഡലത്തിലുള്ള, പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വേലൂർ അർണോസ് പാതിരി ഭവനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലും സെന്റ് ഫ്രാൻസിസ് ഫൊറോനാ പള്ളിയിൽ 2018-19 സാമ്പത്തിക വർഷത്തിലും വകുപ്പ് സംരക്ഷണ പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. |
| (ബി) | പുരാവസ്തു കേന്ദ്രങ്ങളായി പ്രഖ്യാപിച്ച മേഖലകളിൽ താമസിക്കുന്ന നിർധനരായവരുടെ ഭവനനിർമ്മാണത്തിനും വീട് അറ്റകുറ്റപ്പണി ചെയ്യുന്നതിനുമുള്ള അപേക്ഷകൾക്ക് വകുപ്പിൽ നിന്നും അനുമതി ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാന പുരാവസ്തുവകുപ്പിന്റെ സംരക്ഷിതസ്മാരകങ്ങളിൽ, തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിന് ചുറ്റുമുള്ള കോട്ടമതിലുകളുടെയും, കോട്ടവാതിലുകളുടെയും ഇരുവശത്തും മൂന്ന് മീറ്റർ പരിധിയിൽ നിർമ്മാണപ്രവൃത്തികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതൊഴികെ മറ്റ് സ്മാരകങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ്, നിരോധിത, നിയന്ത്രിത മേഖലകൾ പ്രഖ്യാപിച്ചിട്ടില്ല. നിരോധിത, നിയന്ത്രിത മേഖലകൾ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും സംരക്ഷിത സ്മാരകങ്ങളുടെ സമീപ പ്രദേശങ്ങളിൽ നിർമ്മാണ അനുമതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന അപേക്ഷകൾ വകുപ്പ് സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്. |
| (സി) | എങ്കിൽ ഇവർക്ക് പ്രത്യേക അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാന പുരാവസ്തുവകുപ്പിന്റെ സംരക്ഷിതസ്മാരകങ്ങളിൽ, തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിന് ചുറ്റുമുള്ള കോട്ടമതിലുകളുടെയും, കോട്ടവാതിലുകളുടെയും ഇരുവശത്തും മൂന്ന് മീറ്റർ പരിധിയിൽ നിർമ്മാണപ്രവൃത്തികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതൊഴികെ മറ്റ് സ്മാരകങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ്, നിരോധിത, നിയന്ത്രിത മേഖലകൾ പ്രഖ്യാപിച്ചിട്ടില്ല. നിരോധിത, നിയന്ത്രിത മേഖലകൾ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും സംരക്ഷിത സ്മാരകങ്ങളുടെ സമീപ പ്രദേശങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിർമ്മാണ അനുമതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന അപേക്ഷകൾ വകുപ്പ് സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ